لجنة التعريف بالإسلام
ISLAM PRESENTATION COMMITTEE
جمعية النجاة الخيرية

نീതിന്യായ മന്ത്രാലയം

# വിവാഹം കുവൈറ്റിൽ

43 വസ്തുതകൾ അവകാശങ്ങളും കടമകളും നിർവചിക്കുന്നു

## കുവൈറ്റ് വ്യക്തിഗത സ്റ്റാറ്റസ് നിയമത്തിന് കീഴിലുള്ള ഇണകളുടെ അവകാശങ്ങളും കടമകളും

1. ഭാര്യയുടെയോ(വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്ന സ്ത്രീ ) രക്ഷിതാവിന്റെയോ (വലിയ്യ് ) സമ്മതമില്ലാതെ വിവാഹം ശരിയാവുകയില്ല.

2. വിവാഹ മൂല്യം (മഹ്ർ ) വധുവിന് നൽകാതെ വിവാഹം ശരിയാവുകയില്ല

3. വിവാഹ രജിസ്ട്രേഷൻ സമയത്ത് പെൺകുട്ടിക്ക് പതിനഞ്ച് വയസ്സും ആൺകുട്ടിക്ക് പതിനേഴു വയസ്സും പ്രായമായി ട്ടില്ലെങ്കിൽ പെൺകുട്ടിയുടെ വിവാഹ കരാർ രജിസ്റ്റർ ചെയ്യുകയില്ല

4. പ്രായ പൂർത്തിയാവാത്ത പെൺകുട്ടി വിവാഹം കഴിക്കാൻ തീരുമാനിച്ചാൽ പെൺകുട്ടിയെ തടയാനുള്ള അവകാശം രക്ഷിതാവിനില്ല, (പെൺകുട്ടിയുടെ വിവാഹപ്രായത്തിന്റെ കാര്യത്തിൽ ) വിവാഹം അനുവദിക്കാനും തടയാനുമുള്ള അധികാരം ജഡ്ജിക്ക് മാത്രമായിരിക്കും.

5. വിവാഹ കരാറിന്റെ സമയത്ത് പുരുഷൻ സ്ത്രീക്ക് അനുയോജ്യനായിരിക്കണം, ഇസ്ലാമിക നിയമത്തിൽ യോഗ്യതക്കുള്ള മാനദണ്ഡ മായിക്കാണുന്നത് മതനിഷ്ഠയാണ്.

6. ഇണകൾ തമ്മിലുള്ള പ്രായത്തിലുള്ള അനുയോജ്യത സ്ത്രീയുടെ  മാത്രം അവകാശമാണ്.

7. ദമ്പതികൾ തമ്മിൽ അസമത്വമുണ്ടായാൽ, വിവാഹകരാർ റദ്ദാക്കാനുള്ള അവകാശം സ്ത്രീക്കോ അവളുടെ രക്ഷിതാവിനോ മാത്രമാണ്.

8. സ്ത്രീ ഗർഭംധരിക്കുകയോ വിവാഹം കഴിഞ്ഞ് ഒരു വര്ഷം തികയുകയോ അല്ലങ്കിൽ വധുവിന്റെ തുടരാനുള്ള സമ്മതമോഉണ്ടായാൽ  വിവാഹം അസാധുവാക്കാനുള്ള അവകാശം നഷ്ടപ്പെടുന്നു.

9. ഇസ്ലാമിക  ശരീഅത്തിന് വിരുദ്ധമായ നിയമവ്യവസ്ഥ വിവാഹം പൂർത്തിയാക്കാൻ കരാർ വെച്ചിട്ടുണ്ടെങ്കിൽ വിവാഹ കരാർ അസാധുവാകുന്നതാണ്.

10. വിവാഹത്തിനു നിശ്ച്ചയിച്ച വിവാഹ മൂല്യം (മഹ്ർ ) കരാറിൽ കൃത്യമായി രേഖപ്പെടുത്തണം.

11. വിവാഹ മൂല്യം കൃത്യമായി നിശയിച്ചിട്ടില്ലങ്കിൽ തത്തുല്യമായ മഹർ അവക്ക് നൽകേണ്ടതാണ് , (അതായത് അതേ രാജ്യത്തെ അവളുടെ സമപ്രായക്കാരുടെ വിവാഹ മൂല്യം )

12. വിവാഹകരാർ പൂർത്തിയായ  ഉടൻ തന്നെ ഭാര്യക്ക് വിവാഹമൂല്യത്തിന് (മഹ്ർ) അർഹതയുണ്ട്, അവർ ഒരുമിച്ച ജീവിതം  തുടങ്ങിയയത് കൊണ്ടോ, ഒന്നിക്കാതിരുന്നത് കൊണ്ടോ അത് നൽകാതിരിക്കാൻ കഴിയില്ല.

13. ഭാര്യയുമായി ഒന്നിച്ചു ജീവിക്കുന്നതിനോ ഇണ ചേരുന്നതിനോ മുമ്പ് തന്നെ  ഭാര്യ കാരണം ഭാര്യ-ഭർത്താക്കൾ തമ്മിൽ  വേർപിരിഞ്ഞാൽ  ഭർത്താവ് ഭാര്യക്ക് വിവാഹമൂല്യമോ മറ്റു ജീവനാംശമോ നൽകേണ്ടതില്ല.

14. ഭാര്യ ഭർത്താക്കന്മാർ ഒന്നിച്ചു ജീവിക്കുന്നതിനും ഇണ ചേരുന്നതിനും മുമ്പായി  ഭാര്യയുടെ അനുവാദം കൂടാതെ ഭാര്യയെ ഭർത്താവ്  വിവാഹമോചനം നടത്തുകയാണെങ്കിൽ നിശ്ച്ചയിച്ച വിവാഹ മൂല്യത്തിന്റെ (മഹ്ർ)പകുതി ഭാര്യക്ക് അവകാശപ്പെട്ടതാണ്

15. അല്ലങ്കിൽ വിവാഹ മൂല്യത്തിന്റെ (മഹ്ർ ) പകുതിയിൽ കൂടാത്തതോ പകുതി മഹ്റിന് തത്തുല്യമായതോ ആയ ജഡ്ജി നിശ്ചയിക്കുന്ന ജീവനാംശം ഭാര്യക്കു നൽകൽ നിർബന്ധമാണ്.

16. വൈവാഹിക വീട്ടിലെ വീട്ടുപകരണങ്ങളുടെ ബാധ്യത ഭാർത്താവിനാണ് .

17. ശരിയായ കരാർ പ്രകാരം ഭാര്യക്ക് ചിലവിനു നൽകേണ്ടത് ഭർത്താവിൻറെ ബാധ്യതയാണ് , അതായത് നാട്ടു നടപ്പനുസരിച്ചുള്ള ഭക്ഷണം, വസ്ത്രം, ചികിത്സ തുടങ്ങിയവയും മറ്റുള്ളവയും ഈ ജീവനാംശത്തിൽ ഉൾപ്പെടുന്നു.

18. ഭർത്താവിന്റെ വരുമാന, ജീവിതാവസ്ഥയിലോ രാജ്യത്തിന്റെ വിലയിലോ മാറ്റം വരുന്ന സാഹചര്യത്തിൽ ഭർത്താവ് ഭാര്യക്ക് നൽകുന്ന ജീവനാംശം കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യുന്നത് അനുവദനീയമാണ്.

19. ഭർത്താവ് ഭാര്യയുടെ ജീവനാംശം നൽകുന്നതിൽ നിന്ന് വിട്ടുനിൽക്കുന്ന തീയതി മുതൽ അത് ഭർത്താവിന്റെ കടമായി പരിഗണിക്കപ്പെടുന്നു, കടം വീട്ടുകയോ അല്ലങ്കിൽ ഭാര്യ വിട്ടു നൽകുകയോ ചെയ്യാതെ ബാധ്യത വീടില്ല.

20. ഭർത്താവ് അവരുടെ വീടിനു സമാനമായ വീട്ടിലാണ് ഭാര്യയെ പാർപ്പിക്കേണ്ടത്.

21. ഭർത്താവിന് തൻറെ ഭാര്യയോടും കുട്ടികളോടുമൊപ്പം ഒരേ വീട്ടിൽ രണ്ടാമതൊരു ഭാര്യയോടുമൊന്നിച്ചു താമസിക്കാവതല്ല .

22. ഭർത്താവ് അനുമതി നൽകിയില്ലെങ്കിലുംഭാര്യക്ക് ഹജ്ജ് നിർവഹിക്കാൻ മഹ്റമിനൊപ്പം( വിവാഹം നിഷിദ്ധമായവർ) യാത്ര ചെയ്യാം. ഭാര്യയുടെ ജീവനാംശം തുടരുകയും വേണം

23. ഭ്രാന്തൻ, മന്ദബുദ്ധി ,ബോധമില്ലാത്തവൻ ,മറവി , തെറ്റ് ചെയ്യുന്നവൻ,മദ്യപൻ, കോപിഷ്ഠൻ തുടങ്ങിയ അവസ്ഥയിൽ വിവാഹ മോചനം നടക്കുകയില്ല .

24. അസാധുവായ രൂപത്തിൽ  വിവാഹാം നന്നതിലും ഇദ്ദ  ഇരിക്കുന്ന സമയത്തും വിവാഹമോചനം നടക്കുകയില്ല.

25. «നീ വിവാഹമോചിതയാണ് «,»നീ എനിക്ക് നിഷിദ്ധമായവളാണ് « തുടങ്ങിയ പദങ്ങൾ ഭാര്യയോട് വ്യക്തമായി പറഞ്ഞാൽ വിവാഹ മോചനം നടക്കുന്നതാണ്.

26. ഭർത്താവിന് ഭാര്യയോട് മൂന്ന് തലാഖ് ഉണ്ട്,മൂന്നും ഒരേ സമയം ഒന്നിച്ചല്ല.

27. വിവാഹമോചനം ഉപദ്രവത്തിന് (ഭാര്യയെ ഉപദ്രവിക്കാൻ ) വേണ്ടിയാണെങ്കിൽ, ആ വിവാഹമോചനം ബാഇൻ ( മടക്കി എടുക്കാൻ പറ്റാത്തത് ) ആണ്.

28. ജീവിത വിഭവം നൽകാത്തത് കാരണമാണ് വിവാഹമോചനം നടന്നതെങ്കിൽ, തിരിച്ചെടുക്കാവുന്ന തലാക്കണത് .

29. തിരിച്ചെടുക്കാനാവാത്ത വിവാഹ മോചനത്തിന്റെ ഒരു രൂപം  ,ചെറിയ വിവാഹ മോചനമാണ്  ഇതിൽ ഭർത്താവിന്അവളെ തിരിച്ചെടുക്കണമെങ്കിൽ വിവാഹക്കരാർ പുതുക്കുകയും മഹർ ( വിവാവ മൂല്യം ) നൽകുകയും വേണം ,

30. തിരിച്ചെടുക്കാനാവാത്ത (തലാഖ് ബാഇൻ കുബ്റ ) തലാഖ് ഇവിടെ വിവാഹ മോചനത്തിന് ശേഷം  വിവാഹമോചിതയെ തിരിച്ചെടുക്കാൻ പറ്റില്ല ,കാരണം തലാഖു പൂർണമായി, ഇനി അവരെ വിവാഹം കഴിക്കണമെങ്കിൽ  മറ്റൊരാൾ അവളെ വിവാഹം ചെയ്യണം  (  അവർ വിവവമോചനം നൽകി -ഇദ്ദ കാലാവധിയും കഴിഞ്ഞു മാത്രമേ അവളെ വീണ്ടും വിവാഹം ചെയ്യാൻ പറ്റുകയുള്ളു) .

31. ഭർത്താവ് ഭാര്യക്ക് അവകാശപ്പെട്ട ജീവിത വിഭവം നിഷേധിച്ചാൽ  അതുകാരണം ഭാര്യക്ക് വിവാഹമോചനത്തിന് അവകാശമുണ്ട്.

32. വാക്കിലോ പ്രവൃത്തിയിലോ  ഭർത്താവ് ഭാര്യയെ ദ്രോഹിച്ചാൽ ആ കാരണത്താൽ  ഇണകൾ  പരസ്പരം

വേർപിരിയാൻ ആവശ്യപ്പെടാം , ദ്രോഹത്തിന് രണ്ട് പുരുഷന്മാരുടെയോ ഒരു പുരുഷന്റെയും രണ്ട് സ്ത്രീകളുടെയുമോ സാക്ഷ്യത്താൽ ദ്രോഹം തെളിയിക്കപ്പെടണം.

33. ഭർത്താവ് ഒരു വർഷമോ അതിൽ കൂടുതലോ സ്വീകാര്യമായ കാരണങ്ങൾ ഒന്നും ഇല്ലാതെ ഭാര്യയുമായി അകന്നു നിൽക്കു കയാണെങ്കിൽ ഭാര്യക്ക് വിവാഹമോചനം ആവശ്യപ്പെടാം, , അതുപോലെ യുദ്ധങ്ങളോ പ്രകൃതി ദുരന്തങ്ങളോഉണ്ടായ രാജ്യങ്ങളിൽ നാലു വർഷത്തിന് ശേഷവും ഭർത്താവിനെ കുറിച്ച് ഒരു വിവരവുമില്ലാതിരിക്കുകയും കാണാതായ നാട്ടിലെ കോടതി മരണപ്പെട്ടതായി വിധിക്കുകയും ചെയ്താൽ വിധി പുറപ്പെടുവിച്ചതു മുതൽഭാര്യ ഇദ്ദ ഇരിക്കണം (ഇദ്ദ കാലാവധി കഴിഞ്ഞാൽ വിവാഹമോചിതയാണ്)

34. .മൂന്ന് വർഷമോ അതിലധികമോ കാലയളവിലേക്ക് ഭർത്താവ് തടവിലാക്കപ്പെട്ടാൽ ഭാര്യക്ക് വിവാഹമോചനം ആവശ്യപ്പെടാം, ഒരു വർഷത്തെ തടവിന് ശേഷം അന്തിമ വിവാഹമോചനമായി പരിഗണിക്കപ്പെടും.

35. വിവാഹ കരാറിന് മുമ്പുള്ളതാണോ അതോ അതിനുശേഷ മുള്ളതാണോ എന്നത് പരിഗണിക്കാതെ ഒരാൾ മറ്റൊരാളിൽ തനിക്കു ഇഷ്ടപ്പെടാത്ത ഒരു ന്യൂനത കണ്ടെത്തിയാൽ, ഓരോ പങ്കാളിക്കും സ്വയം വിവാഹക്കരാർ അവസാനിപ്പിക്കാൻ (ഫസ്ഖ് ) ആവശ്യപ്പെടാം.

36. ഇദ്ദ (കാത്തിരിപ്പ് )കാലയളവിൽ വാക്കിലൂടെയോ പ്രവൃത്തിയി ലൂടെയോ ഭാര്യയുടെ അവകാശങ്ങൾ നൽകി ഭാര്യയെ തിരികെ കൊണ്ടുവരാൻ ഭർത്താവിന് അവകാശമുണ്ട്.

37. ഭാര്യയെ മടക്കിയെടുക്കുന്നത് സാക്ഷികളുടെ മൊഴിയോ ഔദ്യോഗിക രേഖയിലൂടെ ആയിരിക്കണം , അത് ഭാര്യയുടെ അറിവോടെയും ആയിരിക്കണം

38. അനുവദനീയമായ വിവാഹബന്ധത്തിലൂടെയോ അല്ലെങ്കിൽ തെറ്റായതോ സംശയാസ്പദമായതോ ആയ വിവാഹത്തിൽ ഏർപ്പെടുന്നതിലൂടെയോ ജനിക്കുന്ന

കുട്ടിയുടെ പിതൃത്വം ജനിച്ച് ഏഴു ദിവസത്തിനുള്ളിലോ അല്ലങ്കിൽ പുരുഷൻ ജനിച്ചതറിഞ്ഞ ഏഴു ദിവസത്തിനുള്ളിലോ കുട്ടിയുടെ വംശപരമ്പര പുരുഷനു നിഷേധിക്കാം. വംശപരമ്പരയെ നിഷേധിക്കുകയോ തെളിയിക്കുകയോ ചെയ്യുന്നത് കോടതി വിധി അനുസരിച്ചാണ് .

39. കുട്ടിയുടെ സംരക്ഷണ അവകാശം മാതാവിനാണ് , പിന്നെ അവളുടെ അമ്മയ്ക്കും, പിന്നെ മാതൃസഹോദരിക്കും, പിന്നെ മാതാവിന്റെ മാതാവിന്റെ സഹോദരി .... മുതലായവർക്കാണ് . സംരക്ഷണത്തിന്റെ ഗുണഭോക്താക്കൾ തുല്യരാണെങ്കിൽ, ഏറ്റവും മികച്ചത് തിരഞ്ഞെടുക്കാനുള്ള അവകാശം കോടതിക്കാണ്.

40. പ്രായപൂർത്തിയായ ആൺകുട്ടിക്കും വിവാഹത്തോടെ പെൺകുട്ടിക്കും സംരക്ഷണച്ചുമതല അവസാനിക്കുന്നു.

41. മാതാവിന്റെസംരക്ഷണം മറ്റൊരു വിവാഹത്തിലൂടെയുള്ള ഭർത്താവുമായി ഒന്നിച്ചുജീവിക്കുന്നതോടെയും ഇല്ലാതാകുന്നു.

42. മാതാപിതാക്കളെയും മുത്തശ്ശിമാരെയും മാത്രം കാണാനുള്ള അവകാശം മക്കൾ



# പ്രധാനപ്പെട്ട നിബന്ധനകൾ

വലിയ്യ് : (രക്ഷിതാവ് ) സാധാരണ പിതാവാണ് വലിയ്യ് - വകതിരിവില്ലാത്ത , സ്വതന്ത്രനല്ലാത്ത വ്യക്തിയെ കോടതിയിൽ അവനു പകരമായി പ്രതിനിധീകരിക്കുന്ന വ്യക്തിയായിരിക്കും രക്ഷിതാവ് , എല്ലാ നിയമപരമായ പ്രവർത്തനങ്ങളിലും സാമ്പത്തിക ഇടപാടുകളിലും നിയമാനുസൃതമായി ഉത്തരവാദിയായി പരിഗണിക്കുന്ന വ്യക്തിയുമാണ് വലിയ്യ് ആയി പരിഗണിക്കുന്നത്.

സിവാജ് :(വിവാഹം) ഒരു പുരുഷനും സ്ത്രീയും തമ്മിലുള്ള പരസ്പര ഇഷ്ടത്തോടെയും സമ്മതത്തോടെയും നിയമപരമായ പരസ്പരാശ്രിതത്വത്തിന്റെയും ഉടമ്പടിയാണു വിവാഹബന്ധം , അതിന്റെ ലക്ഷ്യം പവിത്രതയും ചാരിത്രശുദ്ധിയും ഇണകളുടെ സംരക്ഷണത്തോടെ സുസ്ഥിരമായ ഒരു കുടുംബം സ്ഥാപിക്കലുമാണ്.

ത്വലാഖ് :(വിവാഹമോചനം ): വ്യക്തമായ പദപ്രയോഗത്തിലൂടെയോ അല്ലെങ്കിൽ ഉദ്ദേശ്യത്തോടെയുള്ള സൂചനയിലൂടെ യോ വിവാഹ ഉടമ്പടി അവസാനിപ്പിക്കലാണ് ത്വലാഖ്

വിവാഹമോചനത്തിന്റെ തരങ്ങൾ: കാത്തിരിപ്പ് കാലയളവ് (ഇദ്ദ ) കഴിയുന്നതിന് മുമ്പ് തിരിച്ചെടുക്കാൻ സാധ്യമായ വിവാഹമോചനവും ( തലാഖ് റജഈ) , വിവാഹത്തെ തിരിച്ചെടുക്കാൻ സാധ്യമല്ലാത്ത പിൻവലിക്കാനാകാത്ത - വിവാഹമോചനവും( ത്വലാഖ് ബാഇൻ)

ഇദ്ദ :(കാത്തിരിപ്പ് കാലയളവ്), ഭർത്താവിന്റെ മരണശേഷം അല്ലെങ്കിൽ വിവാഹമോചനം നടന്നതിന് ശേഷം ഒരു സ്ത്രീ കാത്തിരിക്കുന്ന (ഇദ്ദ ഇരിക്കുന്ന) കാലയളവ് , ഇദ്ദ സമയം അവൾക്ക് മറ്റൊരാളെ വിവാഹം കഴിക്കാൻ അനുവാദമില്ല.

ഇദ്ദയുടെ കാലം : (കാത്തിരിപ്പ് കാലയളവ്): വിവാഹമോചിതയായ സ്ത്രീക്ക് മൂന്ന് മാസവും (മൂന്നു ശുദ്ധി കാലവും) ഭർത്താവ് മരിച്ച സ്ത്രീ നാല് മാസവും പത്ത് ദിവസവും ഇദ്ദ ഇരിക്കണം.

ഇബ്രാഅ :(ബാധ്യത ഒഴിവാക്കിക്കൊടുക്കൽ)  : സ്വയം അവകാശപ്പെട്ട ബാധ്യത പൂർണ്ണമായോ ഭാഗികമായോ വിട്ടു കൊടുക്കൽ.

അൽ അദൽ  :  യോഗ്യനായ ഒരു പുരുഷനെ വിവാഹം കഴിക്കുന്നതിന്  ഒരു സ്ത്രീ ആവശ്യപ്പെട്ടാൽ രക്ഷാധികാരി അനുവാദം നല്കാതിരിക്കലാണ് അൽ അദൽ

ജീവനാംശം: ഭാര്യയെ ചെലവ് നൽകി  പോറ്റുക എന്നത് ഭർത്താവിന്റെ കടമയാണ്. ജീവനാംശത്തിൽ ഭക്ഷണം, വസ്ത്രം, വൈദ്യസഹായം, താമസം, ഭാര്യക്ക്അനുയോജ്യവും  മാന്യവുമായ ജീവിതം നയിക്കാൻ ആവശ്യമായ എല്ലാം ഉൾപ്പെടുന്നു.

ഉർഫ് :(നാട്ടു നടപ്പ് ): ആളുകൾക്കിടയിൽ പൊതുവായുള്ള അല്ലെങ്കിൽ അവർക്ക് പരിചിതമായ ഒരു വാക്കുകൾ, പ്രയോഗങ്ങൾ  ,  ജനങ്ങൾ  ശീലിച്ചതും പിന്തുടരുന്നതുമായ കാര്യങ്ങൾക്കു ഉർഫ്   എന്ന് പറയുന്നു.

ഫസ്ഖ് :(വിവാഹ കരാറിന്റെ അസാധുവാക്കൽ): വിവാഹിതർക്കിടയിൽ അവരുടെ  ബന്ധത്തിൽ സംഭവിച്ച പ്രശ്നങ്ങൾ  കാരണം, വിവാഹ കരാറുമായി ബന്ധിപ്പിക്കുന്ന കരാർ  അസാധുവാക്കലും പിരിച്ചുവിടലും; അല്ലെങ്കിൽ കരാർ തുടരുന്നതിൽ വിരുദ്ധമായ  അടിയന്തിര സാഹചര്യം, അത് മുഖേന ഉണ്ടാവുന്ന പ്രത്യാഘാതങ്ങൾ എന്നിവ കാരണം വിവാഹം അസാധുവാക്കിലാണ് ഫസ്ഖ്

ഖുൽഉ :  ഭാര്യ ഭർത്താവിൽ നിന്നു വിവമോചനം ആവശ്യപ്പെടുന്നതിന്നാണ് ഖുൽഉ എന്ന് പറയുന്നത് ,  ഭാര്യയിൽ നിന്നോ അല്ലങ്കിൽ ഭാര്യയുമായി ബന്ധപ്പെട്ടവരിൽ നിന്നോ പ്രത്യേക വാക്കുകൾ ഉപയോഗിച്ച് ഭർത്താവിന്  നഷ്ടപരിഹാരം നൽകി ഭാര്യയെ വേർപെടുത്തുന്നതാണിത് , ഖുൽഉ മുഖേന വേർപിരിഞ്ഞാൽ (ഭാര്യപുനർ വിവാഹത്തിലൂടെ അല്ലാതെ ) ഭർത്താവിന്  അവളെ തിരിച്ചെടുക്കാൻ കഴിയില്ല.



തയാറാക്കിയത്:
**Dr. Ahmad Almutairi**